(സി) ലൈംഗികാതിക്രമമെന്ന വിപത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കുംവേണ്ടി ബൃഹത്തായ ബോധവൽക്കരണ യജ്ഞം ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നതാണ്. ഇതിന്റെ പ്രധാന കാരണങ്ങളായ ലിംഗ വിവേചനം, ഗാർഹിക പീഡനം, മദ്യപാനം, ഉപഭോഗാസക്തി മുതലായവയ്ക്കെതിരെ സാമൂഹികാവബോധം സൃഷ്ടിക്കുകയും കുറ്റകൃത്യങ്ങൾ തടയുവാനുള്ള പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതുമാണ്.

സ്ത്രീ സുരക്ഷയും വനിതാ പോലീസ് ശാക്തീകരണവും

134 (7697) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീ സുരക്ഷയും വനിതാ പോലീസ് ശാക്തീകരണവും സംബന്ധിച്ച് കേരളാ പോലീസ് ദേശീയ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം വിഷയങ്ങളാണ് സെമിനാറിൽ ചർച്ചയ്ക്ക് വന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം തുടർനടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 2014 ജനുവരി 17,18 തീയതികളിൽ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ച് ദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു. സംസ്ഥാന പ്ലാൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന 'ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്' എന്ന സ്കീമിന്റെ ഭാഗമായാണ് പ്രസ്തുത സെമിനാർ സംഘടിപ്പിച്ചത്. പ്രസ്തുത സെമിനാറിൽ 16 സംസ്ഥാനങ്ങളിൽ നിന്നായി 52 വനിതാ പോലീസ് ഉദ്യോഗസ്ഥരും കേരളത്തിൽ നിന്ന് 113 വനിതാ പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

(ബി) സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുന്നതിന് വനിതാ പോലീസിനെ ശക്തിപ്പെടുത്തുക, സ്ത്രീകളോടുള്ള അതിക്രമങ്ങൾക്കെതിരെ പോലീസ് ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ, മാധ്യമങ്ങൾ തുടങ്ങിയവർ ഉണർന്ന് പ്രവർത്തിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യത്തോടെയാണ് പ്രസ്തുത സെമിനാർ സംഘടിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

- കേരള പോലീസിൽ സ്ത്രീകളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കുക.
- വനിതാ പോലീസുദ്യോഗസ്ഥരുടെ വിവിധ രംഗങ്ങളിലുള്ള വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുക.
- നിലവിലുള്ള യൂണിഫോം പരിഷ്ക്കരിക്കുക.
- പ്രൊമോഷൻ അവസരങ്ങൾ പരിശോധിക്കുക.
- വനിതാ പോലീസുദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, നിയമനം എന്നിവയ്ക്ക് പ്രത്യേക മാനദണ്ഡം രൂപീകരിക്കുക.
- ബേബികെയർ സെന്റർ സ്ഥാപിക്കുക.
- സൗജന്യമായി വാർഷിക മെഡിക്കൽ ചെക്കപ്പ് ഏർപ്പെടുത്തുക.
- വിവിധ കമ്മിറ്റികളിൽ പ്രാതിനിധ്യം നൽകുക.
- പ്രത്യേക പരാതി നിവാരണ ഫോറം രൂപീകരിക്കൽ.
- ദേശീയ തലത്തിൽ സെമിനാർ എല്ലാവർക്കും സംഘടിപ്പിക്കുക.

എന്നീ വിഷയങ്ങളാണ് സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത്.

(ഡി) വനിതാ പോലീസ് സേനയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 120 വനിതാ സിവിൽപോലീസ് ഓഫീസർമാരുടേയും 60 വനിത സബ് ഇൻസ്പെക്ടർമാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കുറ്റപത്രം സമർപ്പിക്കാൻ കാലതാമസം വരുത്തിയ സ്ത്രീ പീഡനകേസുകൾ

135 (7698) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ കുറ്റപത്രം സമർപ്പിക്കുവാൻ ബാക്കിയുള്ള എത്ര സ്ത്രീപീഡന കേസുകളാണ് ഉള്ളത് ;

(ബി) കെട്ടികിടക്കുന്ന കേസുകളിൽ സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) പോലീസ് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ട് കുറ്റപത്രം സമർപ്പിക്കുവാൻ വൈകിയിട്ടുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇപ്രകരം കാലതാമസം വരുത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly